## കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3069

15.02.2013 - ൽ മറുപടി നൽകേണ്ടിയിരുന്നത്

### പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടി

ചോദ്യം

ശ്രീ.എം.ഹംസ

മറുപടി

ശ്രീ. അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 1.7.2011 ലെ കണക്ക് പ്രകാരം ഭൂമി പതിച്ചു കിട്ടുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു. താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ; | (എ) | 1.7.2011 ലെ കണക്ക് പ്രകാരം പതിച്ചു കിട്ടുന്നതിനായി ആകെ 47628 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ താലൂക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | 1.7.2011 മുതൽ 1.12.2012 വരെ എത്ര പേർക്ക് റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ചു നൽകി; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (ബി) | 1.7.2011 മുതൽ 1.12.2012 വരെ സംസ്ഥാനത്ത് 2966 പേർക്ക് റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. ജില്ല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | 1.7.2011 മുതൽ 1.12.2012 വരെ എത്ര പേർക്ക് മിച്ചഭൂമി പതിച്ച് നൽകി; താലൂക്കടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | 1.6.2006 മുതൽ 1.4.2011 വരെ എത്ര പേർക്ക് ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ ഭൂമി പതിച്ച് നൽകി; | ഡി) | ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിൽ 509 പേർക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. |
| ഇ) | ഒറ്പ്പാലം താലൂക്കിൽ വിതരണം ചെയ്യുന്നതിനായി എത്ര ഏക്കർ മിച്ചഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്; അത് ആരുടെ ഉടമസ്ഥതയിലാണ്; വിശദാംശം ലഭ്യമാക്കാമോ; | ഇ) | 19.29.200 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ഒറ്റപ്പാലം റ്റി.എൽ.ബി യുടെ സി.സി.506/73 & 507/73 നമ്പർ നടപടിക്രമ പ്രകാരം 14.14 ഏക്കർ സ്ഥലം ഇട്ടുണ്ണി നേത്യാർ, പി.വി.കുഞ്ഞുണ്ണി നായർ എന്നിവരിൽ നിന്നായി തിരുമിറ്റക്കോട് |

വില്ലേജിൽ ഏറ്റെടുത്തതായും ഇപ്രകാരം ഏറ്റെടുത്തതിൽ സർവ്വെ 255 ൽപ്പെട്ട 6.11 ഏക്കർ കരഭൂമി സീറോ ലാൻഡ് പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനുള്ള നടപടി നടന്നുവരുന്നു. ബാക്കിയുള്ള 8.30 ഏക്കർ നിലം കൃഷിയാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നതിനുള്ള നടപടിയും, ഒറ്റപ്പാലം റ്റി.എൽ.ബിയുടെ സി.സി472/73 നമ്പർ നടപടിക്രമ പ്രകാരം ഏറ്റെടുത്ത ശ്രീ.കുന്നത്ത്കട്ടളപ്പന്റെ ശ്രീകൃഷ്ണപുരം 1,2 എന്നീ വില്ലേജുകളിൽ നിന്നായി ഏറ്റെടുത്ത് 4.88.200 ഏക്കർ നിലവും കൃഷി ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| എഫ്) | പ്രസ്തുത ഭൂമി അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ? | എഫ്) നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| District | Taluk | No.of applicants as on 1.07.2011 | District wise total | Reference No. |
| --- | --- | --- | --- | --- |
| Thiruananthapuram | Thiruvananthapuram | 1948 | | |
| | Nedumangadu | 247 | | B3-11513/13 Dtd.12.02.2013 |
| | Chirayinkeezhu | 194 | | |
| | Neyattinkara | 677 | 3066 | |
| Kollam | Karunagapalli | 196 | | |
| | Pathanapuram | 115 | | L1-8264/13 dtd 12.02.2013 |
| | Kottarakkara | 333 | | |
| | Kollam | 188 | | |
| | Kunnathoor | 185 | 1017 | |
| Pathanamthitta | Kozhancheri | 103 | | |
| | Mallappalli | 4 | | C6-1037/12 dtd.14.02.2013 |
| | Adoor | 47 | | |
| | Ranni | 212 | 381 | |
| | Tiruvalla | 15 | | |
| Alappuzha | Cherthala | | 1845 | |
| | Ambalappuzha | | | C7-6433/13 dtd. 12.02.2013 |
| | Kuttanadu | | | |
| | Karthikapalli | | | |
| | Mavelikkara | | | |
| | Chengannur | | | |
| Kottayam | Kottayam | 94 | 3484 | |
| | Changanasseri | 197 | | E1-7205/2013 (8) dtd 11.02.2013 |
| | Meenachal | 33 | | |
| | Vaikom | 3038 | | |
| | Kanjirappalli | 122 | | |
| Idukki | Todupuzha | 4079 | 12323 | C3-5868/13/L.Dis. |
| | Devikulam | 1452 | | |
| | Peerumedu | 6792 | | |
| | Udumbanchola | 0 | | |
| Ernakulam | Kanayannoor | 1138 | 3735 | |
| | Kochi | 425 | | L1-9386/13 dtd 12.02.2013 |
| | Aluva | 248 | | |
| | Kunnathunadu | 318 | | |
| | Kothamangalam | 1310 | | |
| | Muvattupuzha | 244 | | |
| | Paravoor | 52 | | |
| Trissur | Thrissur | 376 | 1261 | |
| | Mukundapuram | 225 | | B2-17200/12(1) dtd.13.02.2013 |
| | Kodungalloor | 99 | | |
| | Thalappilli | 521 | | |
| | Chavakkadu | 40 | | |
| Palakkad | Palakkad | 12 | 4024 | |
| | Alathoor | 0 | | LR G2-2013/9915/9 dtd.2/2013 |
| | Chitoor | 168 | | |

| | | | | |
|---|---|---|---|---|
| | Mannarkkadu | 78 | | |
| | Ottappalam | 3766 | | |
| Malappuram | Eranadu | 0 | 215 | C2/7714/13 dtd.14/02/2013 |
| | Nilambur | 52 | | |
| | Perinthalamanna | 0 | | |
| | Tirur | 76 | | |
| | Ponnani | 77 | | |
| | Thiroorangadi | 10 | | |
| Kozhikode | Kozhikode | 138 | 218 | L8-6086/13 dtd 12/02/2013 |
| | Koyilandi | 80 | | |
| | Vadakara | 0 | | |
| Wayanad | Vaithiri | 125 | 879 | L6-2013/4018/12 dtd.14/02/2013 |
| | Sulthan Batheri | 520 | | |
| | Manathavady | 234 | | |
| Kannur | Kannur | 17 | 11485 | L2-6568/13 dtd 13/02/2013 |
| | Thalasseri | 37 | | |
| | Thaliparamba | 11431 | | |
| Kasaragod | Kasaragod | 2586 | 3695 | C3-7093/2013 dtd. 15/02/2013 |
| | Hosdurg | 1109 | | |
| Total | | 47628 | 47628 | |

Vijayan
SO

[അനുബന്ധം - ബി]

| ജില്ല | ഭൂമി പതിച്ചു നൽകിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 972 |
| കൊല്ലം | 231 |
| പത്തനംതിട്ട | 40 |
| ആലപ്പുഴ | 24 |
| കോട്ടയം | 107 |
| ഇടുക്കി | 3 |
| എറണാകുളം | 323 |
| തൃശ്ശൂർ | 24 |
| പാലക്കാട് | 21 |
| മലപ്പുറം | 0 |
| വയനാട് | 40 |
| കോഴിക്കോട് | 20 |
| കണ്ണൂർ | 0 |
| കാസർഗോഡ് | 1161 |
| ആകെ | 2966 |

തിരുവനന്തപുരം.സി

| ഉത്തരം | (സി) | | |
|---|---|---|---|
| | 1 | തിരുവനന്തപുരം | 01.07.11 മുതൽ 01.12.12 വരെ കാലയളവിൽ ചിറയിൻകീഴ് താലൂക്കിൽ കൂന്തള്ളൂർ വില്ലേജിൽ **0.13.56** ഹെക്ടർ മിച്ചഭൂമി 3 പേർക്കായി പതിച്ച് നൽകിയിട്ടുണ്ട്. |
| | 2 | കൊല്ലം | 01.07.2011 മുതൽ 01.12.12 വരെയുള്ള കാലളയവിൽ പത്തനാപുരം, കരുനാഗപ്പള്ളി, കുന്നത്തൂർ കൊല്ലം എന്നീ താലൂക്കുകളിൽ മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല.<br>പ്രസ്തുത കാലയളവിൽ കൊട്ടാരക്കര താലൂക്കിൽ 4 പേർക്കായി ആകെ. **13.2** ആർസ് മിച്ചഭൂമി പതിച്ചു നൽകിയിട്ടുണ്ട് |
| | 3 | പത്തനംതിട്ട | 01.07.2011 മുതൽ 01.12.2012 വരെയുള്ള കാലയളവിൽ ജില്ലയിൽ മിച്ചഭൂമി പതിച്ചുനൽകിയിട്ടില്ല |
| | 4 | ആലപ്പുഴ | ജില്ലയിൽ അമ്പലപ്പുഴ, ചേർത്തല, കുട്ടനാട്, ചെങ്ങന്നൂർ, മാവേലിക്കര എന്നീ താലൂക്കുകളിൽ മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല.<br>എന്നാൽ കാർത്തികപ്പള്ളി താലൂക്കിൽ 23 പേർക്കായി **2.3235 ഹെക്ടർ** (10.12 ആർസ് വീതം 22 പേർക്കും 9.71 ആർസ് ഒരാൾക്കും) പതിച്ച് നൽകിയിട്ടുണ്ട്. |
| | 5 | കോട്ടയം | 01.07.2011 മുതൽ 01.12.2012 വരെയുള്ള കാലയളവിൽ ജില്ലയിൽ മിച്ചഭൂമി പതിച്ചുനൽകിയിട്ടില്ല |
| | 6 | ഇടുക്കി | ജില്ലയിലെ പീരുമേട് താലൂക്കിൽ ജില്ലാകളക്ടറുടെ 03.12.1984 ലെ സി5-34946/82-ാം നമ്പർ നടപടിക്രമപ്രകാരം 1 ഏക്കർ വീതം മിച്ചഭൂമി പതിച്ചു നൽകിയ 5 പേർക്ക് 30.11.2012 ൽ 5 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.<br>ആയത് കൂടാതെ, ജില്ലയിയുടെ പരിധിയിൽ 01.07.2011 മുതൽ 01.12.2012 രെ മിച്ചഭൂമി പതിച്ച് നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | 7 | എറണാകുളം | ടി കാലയളവിൽ ജില്ലയിൽ മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല. |
| | 8 | തൃശ്ശൂർ | ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ 01.07.2011 മുതൽ 01.12.2012 വരെ കാലയളവിൽ 10 പേർക്കായി 0.4332 ഹെക്ടർ (1 ഏക്കർ 7 സെന്റ്) മിച്ചഭൂമി പതിച്ചു നൽകിയിട്ടുണ്ട്. |
| | 9 | പാലക്കാട് | (1).ആലത്തൂർ താലൂക്കിൽ 93 ഗുണഭോക്താക്കൾക്കായി 78.77 ഏക്കർ (31.87 ഹെക്ടർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.<br><br>(2). മണ്ണാർക്കാട് താലൂക്കിൽ 144 ഗുണഭോക്താക്കൾക്കായി, 16.51 ഏക്കർ (6.68 ഹെക്ടർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| | 10 | മലപ്പുറം | ജില്ലയിലെ ഏറനാട്, നിലമ്പൂർ എന്നീ താലൂക്കുകളിൽ യഥാക്രമം 30, 83 എന്നീ എണ്ണം ഗുണഭോക്താക്കൾക്കായി 1.0520, 2.1016 ഹെക്ടർകൾ വീതം വിസ്തീർണ്ണമുള്ള മിച്ചഭൂമി പതിച്ചുനൽകിയിട്ടുണ്ട്<br><br>ജില്ലയിലെ മറ്റു താലൂക്കുകളായ പെരിന്തൽമണ്ണ,തിരൂർ തിരൂരങ്ങാടി, പൊന്നാനി എന്നിവിടങ്ങളിൽ മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല. |
| | 11 | വയനാട് | ജില്ലയിലെ വൈത്തിരി താലൂക്കിൽ പ്രസ്തുത കാലയളവിൽ 71 പേർക്കായി 2.9835 ഹെക്ടർ പതിച്ചു നൽകി.<br><br>ജില്ലയിലെ മറ്റ് താലൂക്കുകളായ സുൽത്താൻബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽ മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല. |
| | 12 | കോഴിക്കോട് | മേൽപറഞ്ഞ കാലയളവിൽ കോഴിക്കോട് ജില്ലയിൽ മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | 13 | കണ്ണൂർ | ജില്ലയിലെ തലശ്ശേരി താലൂക്കിലെ 42 പേർക്കായി 2.6022 ഹെക്ടറും തളിപ്പറമ്പ താലൂക്കിലെ 313 പേർ ക്കായി 12.5457 ഹെക്ടറും പതിച്ചുനലകി. |
| | 14 | കാസർഗോഡ് | പ്രസ്തുത കാലയളവിൽ കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കുകളിൽ മിച്ചഭൂമി പതിച്ചു നൽകിയിട്ടില്ല.<br><br>എന്നാൽ കാസർഗോഡ് താലൂക്കിൽ Govt. AW land 642 പേർക്ക് 58.86 ഏക്കറും ഹോസ്ദുർഗ് താലൂക്കിൽ Govt. AW land 448 പേർക്ക് 23.955 ഏക്കറും വിതരണം ചെയ്തിട്ടുണ്ട്. |

Rajeev
S.O